ശ്രീ. പി. നാണു: സംയോജനം മുതൽ എത്രകാലം ഈ വ്യത്യാസം നിലനിന്നു?

ശ്രീ. എം. ജെ. ജാൺ: സംയോജനത്തിനു മുൻപുതന്നെ ഈ വ്യത്യാസം അവിടെ ഉണ്ടായിരുന്നു. അതുകൊണ്ടാണു് തുടർന്നതു്.

ശുദ്ധജലം

*൨൨൭൨. (൪) ശ്രീമതി ദേവകി ഗോപിദാസ്: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ?

(എ) കുട്ടനാട്ടിലെ നിവാസികൾക്കു് ശുദ്ധജലം കിട്ടുന്നതിനു് എന്തെങ്കിലും ചെയ്യണമെന്നു ഗവൺമെൻറു് വിചാരിക്കുന്നുണ്ടോ;

(ബി) അതിലേക്കു വല്ല പദ്ധതിയും ഗവൺമെൻറിൻറെ മുമ്പാകെയുണ്ടോ;

(സി) കുട്ടനാട്ടിൽ കിണറുകൾ കുഴിപ്പിച്ചാൽ ശുദ്ധജലം കിട്ടുമോയെന്നു ഗവർമ്മെൻറു് വിദഗ്ദ്ധാഭിപ്രായം അന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉണ്ടു്.

(ബി) കുട്ടനാട്ടിൽ ശുദ്ധജല ദൌർലഭ്യം പരിഹരിക്കുന്നതിനു കുഴൽ കിണറുകൾ കുഴിക്കണമെന്നു ഗവർമ്മെൻറു് ഉദ്ദേശിക്കുന്നു. പരീക്ഷണാർത്ഥം കുമരകം, കൈനകരി ഈ സ്ഥലങ്ങളിൽ ഓരോ കിണർ കുഴിക്കുന്നതിനു ഗവർമ്മെൻറു് അനുവദിച്ചിട്ടുണ്ടു്.

(സി) മങ്കൊമ്പിൽ പരീക്ഷണാർത്ഥം ഒരു കുഴൽകിണർ കുഴിച്ചുനോക്കി. അതു് ഫലപ്രദമായില്ല. കൂടുതൽ പരീക്ഷണം നടത്തേണ്ടിയിരിക്കുന്നു.

ശ്രീമതി ദേവകി ഗോപിദാസ്: കൂടുതൽ പരീക്ഷണം നടത്തേണ്ടിയിരിക്കുന്നു എന്നുപറഞ്ഞതു് എന്നത്തേക്കു നടപ്പിൽ വരുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ വകക്കു് രണ്ടുതരത്തിലുള്ള യന്ത്രങ്ങളുടെ ആവശ്യമുണ്ടു്. ആ യന്ത്രങ്ങൾ വരുത്തുന്നതിനായിട്ടു ൧൫,൦൦൦ ഡാളർ കൊടുത്തിട്ടുമുണ്ടു്. അതു വന്നുകഴിഞ്ഞാൽ ആ ജോലി തുടങ്ങുന്നതായിരിക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കുട്ടനാട്ടിൽ ഒരുകാലത്തും ശുദ്ധജലം കിട്ടുകയില്ലെന്നു ഗവർമ്മെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കുട്ടനാട്ടിൽ പല സ്ഥലങ്ങളെസംബന്ധിച്ചും ശുദ്ധജലംകിട്ടാൻ വിഷമംതന്നെ.

ശ്രീമതി ദേവകി ഗോപിദാസ്: ശുദ്ധജലം കിട്ടാത്തതുകൊണ്ടു് ആ സ്ഥലങ്ങളിൽ കാളറ, മസൂരി മുതലായ പകർച്ചവ്യാധികൾ പകരുന്നതിനു എളുപ്പമുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പകർച്ചവ്യാധികൾ ഉണ്ടാകുന്നതിനും പകരുന്നതിനും ഇതൊരു കാരണമായേക്കാം.

ശ്രീ. എം. കെ. പാച്ചുപിള്ള: കുഴൽ കിണർ സംബന്ധിച്ചു് ഏതു വിദഗ്ദ്ധനാണു് ഗവർമ്മെൻറിനു ഉപദേശം നല്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനായിട്ടു ഒരു എൻജിനീയരെ വരുത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. ദേവൻ: കുട്ടനാട്ടിൽ മഴക്കാലങ്ങളിൽ കലക്കവെള്ളവും വേനൽക്കാലത്തു് ഓരുവെള്ളവുമാണെന്നു അറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയും സംഭവിച്ചേക്കാം.

ശ്രീ. എ. പി. ഉദയഭാനു: കുട്ടനാടിനെസംബന്ധിച്ചു മാത്രമല്ല, പൊതുവെ തിരുവിതാംകൂറിൽ പല സ്ഥലത്തും ശുദ്ധജലത്തെസംബന്ധിച്ചു മറവിളി ഒരു ടിയന്തിരപ്രശ്നമാണെന്നു ഗവർമ്മെൻറിനറിഞ്ഞുകൂടേ ?

ശ്രീ. ടി. കെ. നാരായണപിള്ള: പലസ്ഥലങ്ങളിലും ശുദ്ധജലം കിട്ടണമെന്നറിയാം.

ശ്രീ. എ. പി. ഉദയഭാനു: ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു പൊതുവെ എന്തെങ്കിലും ഒരു പദ്ധതി സ്വീകരിക്കണമെന്നു ഗവർമ്മെൻറു് വിചാരിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുകൊണ്ടാണല്ലൊ പ്രത്യേകമായി അതിലേക്കു് ഒരു എൻജിനീയരെ വരുത്തിയിട്ടുള്ളതു്.

സ്വന്തമായി സ്ഥലവും ഗൃഹവും ഇല്ലാത്തവർ

*ക്വ. എൻ. (ഇ) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ സ്വന്തമായി സ്ഥലവും ഗൃഹവും ഇല്ലാത്തവരായി എത്ര വീട്ടുകാരുണ്ടെന്നു പറയാമോ ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതുസംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുവരുന്നു.

ശ്രീമതി ദേവകി ഗോപിദാസു്: വീടില്ലാത്തവരായ എല്ലാ ആളുകളുടേയും കണക്കെടുക്കാൻ ഒരു പദ്ധതി ഗവൺമെണ്ടു് രൂപീകരിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

Sri. P. Balakrishnan Tampi: Is it going to succeed anytime within a millenium ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സാധിച്ചേക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: വീടില്ലാത്തവരുടെ സ്ഥിതിവിവരക്കണക്കുകൾ എടുക്കാനായി ഒരു പദ്ധതിയുണ്ടെന്നു പറഞ്ഞു. ആ പദ്ധതി പ്രവർത്തനം നടത്തിയിട്ടു എത്രകാലമായി.

ശ്രീ. ടി. കെ. നാരായണപിള്ള: ആ പദ്ധതിപ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുള്ളതു് ഈ അടുത്തകാലംമുതല്ക്കാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: വീടില്ലാത്തവർക്കു് വീടുവയ്ക്കുന്നതിനായി കുറെ സ്ഥലങ്ങളും മറ്റും വിട്ടുതരാമെന്നു് ഏതാനും ജന്മിമാരും മുതലാളിമാരും സമ്മതിച്ചുണ്ടായിരുന്നതനുസരിച്ചു എത്ര സ്ഥലങ്ങൾ കിട്ടിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ശരിയായ കണക്കു് പറയാൻ നിവൃത്തിയില്ലെങ്കിലും കുറെ സ്ഥലങ്ങൾ കിട്ടിയിട്ടുണ്ടെന്നു പറയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: അങ്ങനെ സ്ഥലം തന്നിട്ടുള്ളതു് രേഖാമൂലമായിട്ടാണോ, അതോ വാങ്ങ്മൂലമായിട്ടാണോ ?

LIBRARY ARCHIVES Kerala Legislative Assembly